LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കോച്ചുകൾ നിർമ്മിച്ചുനൽകുവാനുള്ള ടെണ്ടർ

76 (416) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോറെയിൽ പദ്ധതിക്ക് കോച്ചുകൾ നിർമ്മിച്ചു നൽകുവാനുള്ള ടെണ്ടർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ ;

(ബി) ടെണ്ടറിൽ ഏതെല്ലാം കമ്പനികൾ പങ്കെടുക്കുകയുണ്ടായി ; യോഗ്യത നേടിയ കമ്പനികൾ ഏതൊക്കെ ; ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഏത് കമ്പനിയുടെ എത്ര തുകയുള്ള ടെണ്ടറാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ടെണ്ടറിൽ കൂടുതൽ മത്സരം ഉണ്ടാകുന്നതിനായി സ്വീകരിച്ച നടപടി എന്തായിരുന്നു ;

(ഡി) സെലക്ട് ചെയ്ത കമ്പനി ഇന്ത്യയിൽ മറ്റേതെല്ലാം പദ്ധതികൾക്ക് കോച്ചുകൾ സപ്ലൈ ചെയ്യുവാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് പരിശോധിക്കുകയുണ്ടായോ; ഏതെല്ലാം പദ്ധതികൾക്ക് എന്ത് നിരക്കുകളിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നറിയാമോ ; ഇതു സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ- ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. 11-3-2014-ൽ.

(ബി) റോട്ടം-ബി.ഇ.എം.എൽ. കൺസോർഷ്യം, കൺസോർഷ്യം ഓഫ് അൽസ്റ്റോം ട്രാൻസ്പോർട്ട് ഇന്ത്യ ലിമിറ്റഡ് ആന്റ് അൽസ്റ്റോം എസ്.എ., എന്നീ രണ്ടു കമ്പനികൾ പങ്കെടുക്കുകയും യോഗ്യതനേടുകയും ചെയ്തിട്ടുണ്ട്.

ഇതിൽ റോട്ടം ബി.ഇ.എം.എൽ. കൺസോർഷ്യം 874,34,70,497-രൂപയും കൺസോർഷ്യം ഓഫ് എ.ടി.ഐ.എൽ. ആന്റ് എ.ടി.എസ്.എ. 679,72,43,191-രൂപയും ക്വാട്ട് ചെയ്തിട്ടുമുണ്ട്.

(സി) പൂർത്തിയായിട്ടുണ്ട്.

കൺസോർഷ്യം ഓഫ് അൽസ്റ്റോം ട്രാൻസ്പോർട്ട് ഇന്ത്യ ലിമിറ്റഡ് ആന്റ് അൽസ്റ്റോം എസ്.എ.യുടെ 679,72,43,191-രൂപയുടെ ടെണ്ടറാണ് അംഗീകരിച്ചത്. ടെണ്ടറിൽ കൂടുതൽ മത്സരം ഉണ്ടാകുന്നതിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മെട്രോ കോച്ചുകളുടെ വീതി 2.9 മീറ്ററിൽ കൂടാത്ത വിധത്തിൽ, സിവിൽ സ്ട്രക്ചറിന്റെ പൊതുവായ പ്രതലത്തിന്റെ അളവുകൾ ഉൾപ്പെടെ ഇതര അളവുകൾ ക്രമീകരിച്ചു.

2. മെട്രോ കോച്ചുകളുടെ നിർമ്മാണത്തിന് ഉപകരാറുകൾ നൽകുന്നതിന് അനുവദിച്ചു.

3. ആദ്യ മാതൃകാ ട്രെയിനുകൾ (Prototype Trains) സപ്ലൈ ചെയ്യുന്നതിനുള്ള സമയപരിധി ആറാഴ്ചക്കാലത്തേയ്ക്ക് നീട്ടി നൽകി, അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധികളിലും സമാനമായ മാറ്റം അനുവദിച്ച് നൽകി.

4. യോഗ്യതാ മാനദണ്ഡമെന്ന നിലയിൽ മെട്രോ കോച്ചുകളുടെ നിർമ്മാണം നിർവ്വഹിക്കുന്ന രാജ്യങ്ങൾക്ക് വെളിയിൽ കരാറിലേർപ്പെട്ട ഇതര 3 വ്യത്യസ്ത രാജ്യങ്ങളിലെ കരാറുകളിൽ ഏറ്റവും കുറഞ്ഞത് 50 കോച്ചുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്ന സമയപരിധി 5 വർഷത്തിൽനിന്നും 3 വർഷമായി കുറച്ചു.

5. ബി.എം.ആർ.സി.എൽ. ആവിഷ്കരിച്ച കൈൻമാറ്റിക് എൻവലപ്പുകളുമായി (Kinematic Envelop) പൂർണ്ണമായി താദാത്മ്യം പ്രാപിക്കണമെന്ന നിബന്ധനകളിൽ ഇളവ് വരുത്തി, കൈൻമാറ്റിക് എൻവലപ്പുകളിൽ വ്യതിരിക്തത പുലർത്തുന്ന ഇതര വിതരണക്കാരെക്കൂടി അവരുടെ തനതായ ഡിസൈനുകൾ സമർപ്പിച്ച് ലേലത്തിൽ പങ്കെടുപ്പിക്കുന്നതിന് അവസരം നല്കി.

6. മെട്രോ കോച്ചിന്റെ നീളം നേരത്തെ നിശ്ചയിച്ച 22 മീറ്ററിൽനിന്നും 23 മീറ്ററായി കൂട്ടി നിജപ്പെടുത്തി.

7. ട്രെയിനിന്റെ ആകെ നീളം 65 മീറ്ററിൽനിന്നും 70 മീറ്ററാക്കി ഉയർത്തി നിശ്ചയിച്ചു.

8. കോച്ചുകളുടെ ആക്സിൽ ലോഡ് നേരത്തെ നിശ്ചയിച്ച 15 ടണ്ണിൽനിന്നും 16 ടണ്ണായി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിശോധിക്കുകയുണ്ടായി, പക്ഷേ ചെന്നൈ മെട്രോയ്ക്ക് വിതരണം നൽകിയ നിരക്ക് ലഭ്യമല്ല.

കൊച്ചി മെട്രോ പ്രോജക്ടിന് റോളിംഗ് സ്റ്റോക്ക് സംഭരിക്കുന്ന ചുമതല ഡി.എം.ആർ.സി.ക്കാണ്. കൊച്ചിൻ മെട്രോ കോച്ചുകളുടെ സംഭരണവില ബാംഗ്ലൂർ മെട്രോയ്ക്ക് വിതരണം ചെയ്ത വിലയെക്കാൾ മൊത്തത്തിൽ 27.98% കുറവോ അഥവാ കോച്ച് 1-ന് 3,52 കോടി രൂപ കുറവോ ആണ് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

റെയിൽവേ വികസനത്തിന് നടപടി

77 (417) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ അടിയന്തര ശ്രദ്ധപതിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വികസനക്കാര്യത്തിൽ മുൻഗണന നൽകേണ്ട പദ്ധതികളെ സംബന്ധിച്ച് നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിവരം വ്യക്തമാക്കുമോ ;

(സി) സ്ഥല സൗകര്യം ലഭ്യമായ സ്റ്റേഷനുകളുടെ വികസനത്തിനു മുൻഗണന നൽകുന്നകാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014-15 -ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly